REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-10-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **രാജ്യത്തെ യുവജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് തൊഴിൽമേളകൾ മാധ്യമമായി മാറിക്കഴിഞ്ഞെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **PM ശ്രീ സ്കൂളുകളോട് കേരളത്തിൽ മാത്രമാണ് അയിത്തമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.**
- **ആന്ധ്രാപ്രദേശിലെ കുർണൂലിൽ ബസ്സിന് തീപിടിച്ചു 20 ലധികം പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും , പ്രധാനമന്ത്രിയും അനുശോചിച്ചു.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ 1010 പോയിന്റുമായി തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്താൻ ശ്രീലങ്കയെ നേരിടും.**

## വാർത്തകൾ വിശദമായി

രാജ്യത്തെ യുവജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് തൊഴിൽമേളകൾ മാധ്യമമായി മാറിക്കഴിഞ്ഞെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 17-ാമത് റോസ്ഗർ മേളയ്ക്ക് നൽകിയ വിഡിയോ സന്ദേശത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. 51,000ത്തിൽപ്പരം പുതിയ ഉദ്യോഗാർത്ഥികൾക്ക് നിയമന പത്രങ്ങൾ അദ്ദേഹം വെർച്വലായി കൈമാറി. കഴിഞ്ഞ കുറച്ച് നാളുകളിൽ 11 ലക്ഷത്തിൽപ്പരം നിയമന ഉത്തരവുകൾ വിതരണം ചെയ്തുകഴിഞ്ഞതായി അദ്ദേഹം പറഞ്ഞു. മൂന്നര കോടി യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിടുന്ന വികസിത് ഭാരത് യോജനയ്ക്ക് പ്രധാനമന്ത്രി തുടക്കമിട്ടു. 40 ഇടങ്ങളിലാണ് മേള

സംഘടിപ്പിച്ചിരിക്കുന്നത്. നിയമനം ലഭിച്ചവരെ അദ്ദേഹം അഭിസംബോധന ചെയ്തു.

✪✪✪

140 കോടി ജനങ്ങളുടെ അധ്വാനത്തിന്റെ ഫലമാണ് GDP വളർച്ചയിൽ രാജ്യത്തിന്റെ നാലാം സ്ഥാനമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. തിരുവനന്തപുരം തൈക്കാട് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ സംഘടിപ്പിച്ച റോസ്ഗർ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസന യാത്രയിൽ എല്ലാവരുടെയും പങ്ക് വളരെ വലുതാണെന്നും, ഓരോ കുടുംബവും വികസിക്കുന്നതോടെ 2047 ൽ രാജ്യം വികസിത രാജ്യമായി മാറുമെന്നും ജോർജ് കുര്യൻ പറഞ്ഞു.

റോസ്ഗർ മേള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിബദ്ധതയാണെന്നും, കൂടുതൽ തൊഴിൽ അവസരങ്ങൾ ഒരുക്കുകയാണ് കേന്ദ്ര ഗവൺമെന്റെന്നും കേന്ദ്രസഹമന്ത്രി V സോമണ്ണ പറഞ്ഞു. കോഴിക്കോട് CWRDM ൽ സംഘടിപ്പിച്ച റോസ്ഗർ മേളയിൽ സംസാരിക്കുകയായിരുന്നു സോമണ്ണ.

✪✪✪

നാല് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപതി മുർമു വൈകിട്ട് ഡൽഹിയിലേക്ക് മടങ്ങും. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നാണ് രാഷ്ട്രപതിയുടെ മടക്കം.

എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. കൊച്ചിയിലെത്തിയ രാഷ്ട്രപതിയെ നാവിക വിമാനത്താവളത്തിൽ സ്വീകരിച്ചു.

✪✪✪

PM ശ്രീ സ്കൂളുകളോട് കേരളത്തിൽ മാത്രമാണ് അയിത്തമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. 14,500 ഓളം സ്കൂളുകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിക്കെതിരെ കേരളത്തിൽ ഉയരുന്ന വിമർശനം രാഷ്ട്രീയ പ്രേരിതമാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാനത്തിനും വിവേചനാധികാരമുണ്ടെന്ന് ജോർജ് കുര്യൻ വിശദീകരിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റ് PM ശ്രീ പദ്ധതിയിലൂടെ RSS അജണ്ട നടപ്പാക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. മുന്നണിയിൽ പോലും ചർച്ച ചെയ്യാതെയാണ് PM ശ്രീയിൽ ഒപ്പുവെച്ചത്.

ഏകപക്ഷീയമായ തീരുമാനമാണിതെന്ന് CPI യുടെ വിയോജിപ്പിൽ തെളിഞ്ഞെന്നും സതീശൻമാധ്യമങ്ങളോട് പറഞ്ഞു. CPIM ന് CPI യേക്കാൾ വലുത് BJP യാണെന്ന് ഇതിലൂടെ മനസ്സിലായെന്നും പ്രതിപക്ഷനേതാവ് വിലയിരുത്തി. കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയത്തിൽ കേന്ദ്രഗവൺമെന്റ് അവരുടെ നിലപാട് അടിച്ചേൽപ്പിക്കുമ്പോൾ നിരുപാധികം കീഴടങ്ങാനാണ് CPIM ന്റെ ശ്രമമെന്നും VD സതീശൻ കുറ്റപ്പെടുത്തി.

✪✪✪

PM ശ്രീ വിഷയത്തിൽ LDF ഗവൺമെന്റ് സഞ്ചരിക്കേണ്ട വഴിയിലല്ല പോകുന്നതെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. ഇക്കാര്യത്തിൽ പാർട്ടി ചർച്ച ചെയ്ത് തുടർസമീപനം സ്വീകരിക്കുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

PM-ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് അഭിപ്രായവ്യത്യാസങ്ങൾ LDF കൂടിയാലോചിച്ച് പരിഹരിക്കുമെന്ന് CPIM കേന്ദ്രകമ്മിറ്റിയംഗം E.P ജയരാജൻ പറഞ്ഞു. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ അത് പരിഹരിച്ചു മുന്നോട്ട് പോവുക എന്നതാണ് മുന്നണിയുടെ മര്യാദയെന്നും, അത് പാലിക്കാൻ ശ്രമിക്കുമെന്നും ജയരാജൻ മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

ഇന്തോ-ടിബറ്റൻ ബോർഡർ പൊലീസ് സ്ഥാപക ദിനം ഇന്ന്. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവർ സേനാംഗങ്ങൾക്ക് ആശംസ നേർന്നു.

ഹിമാലയൻ അതിർത്തികളിലെ പ്രതിരോധത്തിന്റെ ആദ്യ നിരയായി ITBP സേന നിലകൊള്ളുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. ഇന്ത്യയുടെ അതിർത്തികളെയും ജനങ്ങളെയും സംരക്ഷിക്കുന്നതിൽ ധൈര്യവും അച്ചടക്കവും അചഞ്ചലമായ പ്രതിബദ്ധതയും പ്രകടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വിഷമകരമായ ഭൂപ്രദേശങ്ങളിലും കാലാവസ്ഥകളിലും രാജ്യത്തെ സുരക്ഷിതമാക്കുന്നതിൽ സേനയുടെ ധൈര്യത്തെയും പ്രതിബദ്ധതയെയും കേന്ദ്രമന്ത്രി പ്രശംസിച്ചു. രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിക്കുന്നതായും അമിത് ഷാ സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ആന്ധ്രാപ്രദേശിലെ കുർണൂലിൽ ബസ്സിന് തീപിടിച്ചു 20 ലധികം പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അനുശോചിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നതായും നേതാക്കൾ പറഞ്ഞു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും നൽകുമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ഹൈദരാബാദിൽ നിന്ന് ബെംഗളൂരുവിലേക്ക് പോവുകയായിരുന്ന ബസ് പുലർച്ചെ ഇരുചക്രവാഹനത്തിൽ ഇടിച്ചതിനെ തുടർന്ന് തീപിടിക്കുകയായിരുന്നു. ബസ്സിൽ 42 പേർ ഉണ്ടായിരുന്നതായാണ് വിവരം. മരിച്ച 11 പേരെ തിരിച്ചറഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ഭരണകൂടം കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.

✪✪✪

കുർണൂൽ വാഹനാപകടത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും അനുശോചിച്ചു. അതീവ ദുഃഖകരവും, വേദനാജനകവുമാണ് സംഭവമെന്ന് പറഞ്ഞ രാഹുൽഗാന്ധി, പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്ന് അറിയിച്ചു.

ദുരന്തം മനസ്സിനെ അസ്വസ്ഥമാക്കുന്നുവെന്നും, മരിച്ചവരുടെ കുടുംബത്തെ ദുഃഖമറിയിക്കുന്നതായും മല്ലികാർജ്ജുൻ ഖാർഗെ പറഞ്ഞു.

✪✪✪

ബാങ്കിംഗ് നിയമ ഭേദഗതി പ്രകാരം നിലവിൽ വന്ന പുതുക്കിയ നോമിനേഷൻ വ്യവസ്ഥ നവംബർ ഒന്നിന് നിലവിൽ വരും. ഇതനുസരിച്ച് നിക്ഷേപകർക്ക് നാലു പേരെ വരെ നോമിനികളായി നിശ്ചയിക്കാൻ കഴിയുമെന്ന് ധനമന്ത്രാലയം ഡൽഹിയിൽ അറിയിച്ചു. ഇത് നിക്ഷേപകർക്കും നോമിനികൾക്കുമിടയിലെ തർക്കങ്ങൾ ലളിതമായി പരിഹരിക്കാൻ അവസരം നൽകുമെന്നാണ് വിലയിരുത്തൽ.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി

ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഇന്നു കൂടി പങ്കുവയ്ക്കാം. പരിപാടിയുടെ 127 -ാം പതിപ്പ് മറ്റന്നാൾ പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് മലപ്പുറം കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

കേരളത്തിലെയും കർണാടകയിലെയും കാലാവസ്ഥാ പ്രവചനം കൂടുതൽ കൃത്യമാക്കാൻ കാലാവസ്ഥാ റഡാറുകൾ ഒരുങ്ങുന്നു. മംഗളൂരുവിൽ റഡാർ നിർമാണം പൂർത്തിയാക്കി ടെസ്റ്റിങ് ആരംഭിച്ചു. വയനാട് ജില്ലയിൽ നിർമാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്.

........(വോയ്സ്)........

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1010 പോയിന്റുമായാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്ത് തുടരുന്നത്. 114 സ്വർണ്ണം,85 വെള്ളി, 112 വെങ്കലം എന്നിങ്ങനെയാണ് തിരുവനന്തപുരത്തിന്റെ സമ്പാദ്യം. 479 പോയിന്റുമായി തൃശൂർ രണ്ടാമതും 443 പോയിന്റുമായി കണ്ണൂർ മൂന്നാമതുമാണ്.

ഗെയിംസിലും നീന്തലിലും തിരുവനന്തപുരമാണ് മുന്നിൽ. ഗെയിംസിൽ 334 ഇനങ്ങൾ പൂർത്തിയായപ്പോൾ 644 പോയിന്റും നീന്തലിൽ 59 ഇനങ്ങൾ പൂർത്തിയായപ്പോൾ 361 പോയിന്റും നേടിയാണ് തിരുവനന്തപുരം മുന്നേറ്റം തുടരുന്നത്. അത്ലറ്റിക്സിൽ 12 ഇനങ്ങൾ പൂർത്തിയായപ്പോൾ 39 പോയിന്റോടെ പാലക്കാട് ആണ് ഒന്നാമത്.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്താൻ ശ്രീലങ്കയെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

സാഫ് ഗെയിംസിന്റെ നാലാം പതിപ്പിന് റാഞ്ചിയിലെ ബിർസ മുണ്ട സ്റ്റേഡിയത്തിൽ തുടക്കമായി. ഇന്ത്യ, ശ്രീലങ്ക,ബംഗ്ലാദേശ്,നേപ്പാൾ,ഭൂട്ടാൻ,മാലിദ്വീപ്,എന്നിവ ഉൾപ്പെടെ ആറ് രാജ്യങ്ങളിൽ നിന്ന് ആകെ 206 അത്‌ലറ്റുകളാണ് 37 മെഡൽ ഇനങ്ങളിൽ മത്സരിക്കുന്നത് .പാക്കിസ്ഥാനെ ക്ഷണിച്ചിട്ടുണ്ടെങ്കിലും അവർ ഗെയിംസിൽ പങ്കെടുക്കുന്നില്ല.73 അംഗ സംഘമാണ് ഇന്ത്യയ്ക്കായി മത്സരിക്കുന്നത്.

പതിനഞ്ചു വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് റാഞ്ചി സാഫ് ഗെയിംസിന് വേദിയാകുന്നത്.

✪✪✪

കോഴിക്കോട് താമരശ്ശേരി കട്ടിപ്പാറ ഫ്രഷ് കട്ട് ഫാക്ടറിക്ക് സമീപമുണ്ടായ സംഘർഷവും അക്രമ സംഭവങ്ങളും അന്വേഷിക്കാൻ പ്രത്യേക സംഘം രുപീകരിച്ചതായി കണ്ണൂർ റെയ്ഞ്ച് DIG യതീഷ് ചന്ദ്ര  അറിയിച്ചു. സംഭവത്തിൽ രണ്ട് പേർ കസ്റ്റഡിയിലുണ്ട്. ഇവരെ ചോദ്യം ചെയ്ത് വരികയാണ്. വീഡിയോ തെളിവുകളും, സാക്ഷിമൊഴികളും, ഡിജിറ്റൽ തെളിവുകളും ശേഖരിക്കുമെന്നും DIG പറഞ്ഞു.

✪✪✪

ഊർജ്ജ വകുപ്പിന്റെ 'വിഷൻ 2031' സെമിനാർ രാവിലെ മലമ്പുഴയിൽ ആരംഭിച്ചു. മന്ത്രി K. കൃഷ്ണൻകുട്ടി ചടങ്ങിൽ 'വിഷൻ 2031' കരട് നയരേഖ അവതരിപ്പിച്ചു. കഴിഞ്ഞ പത്തു വർഷത്തെ ഊർജ്ജ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ  സംബന്ധിച്ച റിപ്പോർട്ട് ഊർജ്ജ അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ ആണ് അവതരിപ്പിച്ചത്.

✪✪✪

---

*News Editor: News Readerവി കെ സുരേഷ്*
*NRTs:  അനിൽ ചന്ദ്രൻ, നിമിഷ ജി*
*DEO : ഷീബ*